<u>**പതിമൂന്നാം കേരള നിയമസഭ**</u>

<u>**പത്താം സമ്മേളനം**</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3924** | **31-01-2014 ലെ മറുപടിയ്ക്ക്**

<u>**കെ.എസ്.എഫ്.ഇ.**</u>

| <u>**ചോദ്യം**</u> | <u>**ഉത്തരം**</u> |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ: | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) നിലവിലെ കെ.എസ്.എഫ്.ഇ യുടെ ബിസിനസ്സ് ടേണോവർ എത്ര തുകയാണ്; ഇതിൽ 2014-15 സാമ്പത്തിക വർഷം ആകുമ്പോൾ എത്ര വർദ്ധനവാണ് ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കുമോ; | എ) നിലവിലെ കെ.എസ്.എഫ്.ഇ യുടെ ബിസിനസ്സ് ടേണോവർ 20871 കോടി രൂപയാണ്. 2014-15 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 27000 കോടിയിലധികം രൂപയുടെ ടേണോവർ ആണ് കമ്പനി ലക്ഷ്യമിടുന്നത്.<br><br>2014 -15 സാമ്പത്തിക വർഷത്തിൽ കമ്പനി ലക്ഷ്യമിടുന്ന ബിസിനസ്സ് വിശദമായി താഴെ കൊടുക്കുന്നു. |

| | |
|---|---|
| ചിട്ടി | 14520 കോടി |
| ലോൺസ് (വർഷാവസാനം) | |
| ഗോൾഡ് ലോൺ | 1729.00 " |
| ന്യൂ ചിട്ടി ലോൺ | 1039.92 " |
| ആർ. സി.എൽ | 978.92 " |
| എഫ്.ഡി ലോൺ | 73.13 " |
| പാസ്സ് ബുക്ക് ലോൺ | 155.14 " |
| എൻ .എച്ച്.എഫ്.എസ് | 104.52 " |
| സി.വി. എൽ | 23.44 " |
| കാർ ലോൺ | 20.44 " |
| സുഗമ അക്ഷയ ഒ. ഡി | 17.58 " |
| വിദ്യാധനം ലോൺ | 2.00 " |
| ഹരിതം ലോൺ | 1.00 " |
| ആകെ വായ്പ | **<u>4145. 09</u>** കോടി |
| <u>**നിക്ഷേപങ്ങൾ**</u> | |
| സ്ഥിര നിക്ഷേപം | 5750.57 കോടി |
| ഡെപ്പോസിറ്റ് ഇൻ ട്രസ്റ്റ് | 2247.68 " |
| സുഗമ നിക്ഷേപം | 543.56 " |
| ഹ്രസ്വ കാല നിക്ഷേപം | 267.24 " |
| സുഗമ ജാമ്യ നിക്ഷേപം | 15.43 " |
| ആകെ നിക്ഷേപം | 8824.48 കോടി രൂപ |
| വർഷാവസാന ടേണോവർ | 27489.5[illegible] കോടി രൂ[illegible] |

.........2

.എഫ്.ഇ യ്ക്ക് സംസ്ഥാനത്ത് 485
അവ ജില്ല തിരിച്ചുള്ള കണക്ക്
ർത്തിട്ടുണ്ട്.

സി) കെ. എസ്. എഫ്. ഇ യിലെ ജീവനക്കാരുടെ നിലവിലുള്ള എണ്ണം എത്ര; ഇവർക്ക് ശമ്പളയിനത്തിൽ പ്രതിമാസം ചെലവാകുന്ന തുക എത്ര; കെ.എസ്.എഫ്.ഇ യുടെ പ്രതിമാസ ശരാശരി വരുമാനം എത്ര; വിശദാംശം വ്യക്തമാ ക്കുമോ ;

സി) കെ. എസ്. എഫ്. ഇ യിൽ നിലവിൽ 5112 ജീവനക്കാരുണ്ട്. ഇവർക്ക് ശമ്പള ഇനത്തിൽ പ്രതിമാസം ചിലവാകുന്ന തുക (ജനുവരി 2014 ആധാരമാക്കി) 20,80,50,580/- രൂപയാണ്. സാമ്പത്തിക വർഷം 2012-13 ലെ കണക്ക് പ്രകാരം കെ.എസ്.എഫ്.ഇ യുടെ പ്രതിമാസ ശരാശരി വരുമാനം 86.83 കോടി രൂപയാണ്.

2012-13 സാമ്പത്തിക വർഷത്തെ താൽക്കാലിക കണക്കുപ്രകാരം പ്രധാനപ്പെട്ട വരുമാനത്തിൻെറ കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻപൻ കമ്മീഷൻ | :465 കോടി |
| വായ്പകളിൽ നിന്നും ലഭിക്കുന്ന ആദായം | :504 കോടി |
| മറ്റു വരുമാനങ്ങൾ | : 73 കോടി |
| വാർഷികവരുമാനം | 1042 കോടി |

ഈ വാർഷിക വരുമാനത്തിന്റെ പന്ത്രണ്ടിൽ ഒരു ഭാഗമാണ് ശരാശരി മാസവരുമാനമായ 86.83 കോടി രൂപയായി കണക്കാക്കിയിരിക്കുന്നത്.

ഡി) 2012-13 സാമ്പത്തിക വർഷം എന്തു തുകയുടെ ചിട്ടി ബിസിനസ്സ് ചെയ്യുവാൻ സാധിച്ചു; ആയത് 2013-14 ആയപ്പോൾ എത്രയായി വർദ്ധിപ്പിക്കാൻ സാധിച്ചു; വിശദമാക്കുമോ?

ഡി) 2012-13 സാമ്പത്തിക വർഷം 357 കോടി രൂപയുടെ പുതിയ ചിട്ടി ബിസിനസ്സ് ചെയ്യുവാൻ സാധിച്ചു. 2013-14 ൽ ഇതു വരെ 302 കോടി രൂപയുടെ പുതിയ ചിട്ടി ബിസിനസ്സാണ് ചെയ്തിട്ടുള്ളത്. 2012-13 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ കമ്പനിയുടെ പ്രതിമാസ ചിട്ടി ബിസിനസ്സ് 951.24 കോടി രൂപയായിരുന്നു. 31/12/2013 ൽ പ്രതിമാസ ചിട്ടി ബിസിനസ്സ് 1118.51 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

...........3.

ഇ) 2012-13 സാമ്പത്തിക വർഷം കെ. എസ്. എഫ് .ഇ യുടെ ലാഭം എത്ര; ആയതിൽ നിന്നും സർക്കാരിനുള്ള ലാഭവിഹിതം എത്ര തുക അടച്ചു; 2013-14 ൽ ലാഭം എത്രയായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കുമോ ?

ഇ) 2012-13 സാമ്പത്തിക വർഷം കെ. എസ്. എഫ്. ഇ യുടെ ലാഭം 115.11 കോടി രൂപയാണ് (താൽകാലിക കണക്കുപ്രകാരം).ഓഡിറ്റ് പൂർത്തിയാകാത്തതിനാൽ സർക്കാരിനുള്ള ലാഭവിഹിതം നൽകിയിട്ടില്ല.2013-14 ൽ പ്രതീക്ഷിക്കുന്ന ലാഭം 143.24 കോടി രൂപയാണ്. 2013-14-ൽ കമ്പനിയുടെ താൽകാലിക കണക്കു പ്രകാരം ആകെയുള്ള വരുമാനം 1169 കോടി രൂപയും ആകെയുള്ള ചിലവ് 1026 കോടി രൂപയും നികുതി വിധേയമായ ലാഭം 143 കോടി രൂപയുമാണ്. പ്രധാനപ്പെട്ട വരവിന്റെയും ചെലവിന്റെയും കണക്ക് താഴെ ചേർക്കുന്നു.

**വരുമാനം**

മുൻപൻ കമ്മീഷൻ - 543 കോടി രൂപ

വായ്പകളിൽ ലഭിക്കുന്ന ആദായം - 486 കോടി രൂപ

**ചെലവ്**

ശമ്പള ഇനത്തിൽ ചെലവാകുന്നത് - 366 കോടി രൂപ

സർവ്വീസ് ചാർജ്ജ് - 61 കോടി രൂപ

ഗാരന്റി കമ്മീഷൻ /
നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ - 464 കോടി രൂപ

എഫ്) കെ.എസ്.എഫ്.ഇ. ഇടപാടുകൾക്ക് എ.ടി.എം സൗകര്യമൊരുക്കാൻ എന്തു നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ

എഫ്) കെ.എസ്.എഫ്.ഇ. ഇടപാടുകൾക്ക് എ.ടി.എം സൗകര്യമൊരുക്കാൻ ഉദ്ദേശിക്കുന്നു. വിവിധ ബാങ്കുകളുമായി യോജിച്ച് അവരുടെ എ. ടി. എം ഉപയോഗിച്ച് കമ്പനിയുടെ ഇടപാടുകാർക്ക് പണമിടപാട് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനു വേണ്ട മുന്നൊരുക്കങ്ങൾ കമ്പനി നടത്തി വരുന്നു.

ജി) കെ.എസ്.എഫ്.ഇ യുടെ നിലവിലെ ട്രഷറി നിക്ഷേപം എന്തു തുക; വ്യക്തമാക്കുമോ ?

ജി) കെ.എസ്.എഫ്.ഇയുടെ നിലവിലെ(31.12.2013) ട്രഷറി നിക്ഷേപം 2238. 89 കോടിയാണ്.

എച്ച്) കെ. എസ്. എഫ്. ഇ യുടെ പ്രൊഫഷണൽ എഡ്യു കെയർ പദ്ധതിക്ക് റിസർവ്വ് ബാങ്കിൻെറ അനുമതി ലഭിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ

എച്ച്) പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി ആരംഭിക്കുന്നതിനുവേണ്ടി കെ.എസ്.എഫ്.ഇ-യെ ചിട്ട് ഫണ്ട് ആക്ട്, 1982-ലെ സെക്ഷൻ 22-ന്റെ സബ്സെക്ഷൻ (1)-ൽ നിന്ന് ഒഴിവാക്കുന്നതിന് ഭാരതീയ റിസർവ്വ് ബാങ്ക് 4-1-2013-ലെ ഡി.എൻ.ബി.എസ് (T) No. 1288/02.16.002/ 12-13 നമ്പർ കത്ത് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം.**

**കെ. എസ്. എഫ്.ഇ. ശാഖകളുടെ ജില്ല തിരിച്ചുള്ള കണക്ക്.**

| ജില്ല | ശാഖകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 74 |
| കൊല്ലം | 56 |
| ആലപ്പുഴ | 34 |
| പത്തനംതിട്ട | 24 |
| ഇടുക്കി | 14 |
| കോട്ടയം | 44 |
| എറണാകുളം | 64 |
| തൃശ്ശൂർ | 40 |
| പാലക്കാട് | 26 |
| മലപ്പുറം | 25 |
| കോഴിക്കോട് | 38 |
| വയനാട് | 8 |
| കണ്ണൂർ | 27 |
| കാസർഗോഡ്. | 11 |
| ആകെ | 485 |

സെക്ഷൻ ഓഫീസർ